


## കുട്ടമ്പൂർ ഹയർസെക്കണ്ടറി സ്കൂൾ

**പുന്നശ്ശേരി പി ഒ നരിക്കുനി - ബാലുശ്ശേരി ഉപജില്ല**

# നീലാംബരി

# ആശംസ



ശ്രീ ഷജിൽ കുമാർ യു

കുട്ടമ്പൂരിലെയും സമീപപ്രദേശങ്ങളിലെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ചിരകാല സ്വപ്നമായിരുന്നു സ്വന്തമായൊരു ഹൈസ്കൂൾ എന്നത് 1983ൽ പ്രസ്തുത ആഗ്രഹം സഫലീകരിച്ച് കുട്ടമ്പൂർ ഹൈസ്കൂൾ സ്ഥാപിതമായി. ഒരു കൂട്ടം ആളുകളുടെ അശ്രാന്ത പരിശ്രമം ഇതിന് പിന്നിൽ ഉണ്ടായിരുന്നു. നമ്മുടെ നാട്ടിലെ വിവിധ പ്രദേശങ്ങളിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കുട്ടമ്പൂർ ഹൈസ്കൂൾ വലിയൊരു ആശ്രയമായി തീർന്നു. ശ്രീ പൂമംഗലത്ത് അബ്ദുറഹിമാൻ സാഹിബ് സ്ഥാപക മാനേജരായി ആരംഭിച്ച പ്രസ്തുത സ്ഥാപനത്തിന് അന്നത്തെ മുഖ്യമന്ത്രി ശശശരീരനായ കെ കരുണാകരനാണ് തറക്കല്ലിടൽ കർമ്മം നിർവഹിച്ചത്.

കേരളത്തിൽ ആദ്യമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ചത് നമ്മുടെ വിദ്യാലയത്തിലാണ് എന്നത് ഈ അവസരത്തിൽ അഭിമാനകരമായി ഓർക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലിറ്റിൽ കൈറ്റ് എന്ന വലിയ സാങ്കേതിക വഴിത്തിരിവിലൂടെ കുട്ടികൾ ആർജിച്ചെടുത്തത് കമ്പ്യൂട്ടർ മേഖലയിൽ വലിയഅറിവാണ്. കൈറ്റിന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നതിൽ ഏറെ സന്തോഷിക്കുന്നു.

കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ചരിത്രത്തിൽ ഡിജിറ്റൽ മാഗസിൻ നിർമ്മിച്ച നമ്മുടെ സ്കൂളും നമ്മുടെ വിദ്യാർഥികളും എന്നും തിളങ്ങി നിൽക്കട്ടെ എന്ന് ഈ അവസരത്തിൽ ആത്മാർത്ഥമായി ആശംസിക്കുന്നു

ബഹു: ഹെഡ്മാസ്റ്റർ കുട്ടമ്പൂർ എച്ച് എസ് എസ്

# സ്റ്റുഡന്റ് എഡിറ്റർ

ഹിദേവ് എം പി 9 B

ടൈപ്പ് സെറ്റിങ്സ്

## ലിറ്റിൽ കൈറ്റ് അംഗങ്ങൾ

## എഡിറ്റോറിയൽ ബോർഡ്

ആലിയ എം കെ

മെഹറിൻ

അർച്ചന

ഫാദിൽ

ശഹാന

# ഒരു വാക്ക്

പ്രിയപ്പെട്ടവരെ കുട്ടമ്പൂർ ഹയർസെക്കൻഡറി സ്കൂൾ എന്ന ഞങ്ങളുടെ അഭിമാനമായ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ് യൂണിറ്റ് വീണ്ടും ഒരു ഡിജിറ്റൽ മേഗസിൻ തയ്യാറാക്കുകയാണ്.
സ്വാഭാവികമായും മാഗസിൻ എന്ന് കേൾക്കുന്ന സമയത്ത് തന്നെ കയ്യെഴുത്ത് രൂപത്തിലുള്ള മാഗസിൻ അല്ലെങ്കിൽ പ്രിൻറ് ചെയ്ത മേഗസിൻ എന്നായിരിക്കും എല്ലാവരും കരുതുക.

ദിനംപ്രതി ഓടിക്കൊണ്ടിരിക്കുന്ന ആധുനികയുഗത്തിൽ കുട്ടമ്പൂർ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ് അംഗങ്ങൾ ഇതാ ഇവിടെ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു.

ലിബർ ഓഫീസ് റൈറ്റർ എന്ന സോഫ്റ്റ്‌വെയറിൽ ആയിരുന്നു ഇതുവരെ ഇത്തരത്തിലുള്ള കാര്യങ്ങൾ തയ്യാറാക്കിയിരുന്നത് എങ്കിൽ ഇത്തവണ സ്ക്രൈബസ് എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറിലാണ് നാം തയ്യാറാക്കുന്നത്.
നീലാംബരി എന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളോടൊപ്പം നിന്ന ലിറ്റിൽ കൈറ്റ് മാസ്റ്റർ വിഷ്ണു സാർ മിസ്ട്രസ് ജഹിബ ടീച്ചർ എന്നിവരോട് ഈ അവസരത്തിൽ പ്രത്യേകം നന്ദി പറയുന്നു.



ഹിദേവ് എം പി
**STUDENT EDITOR**

# നമ്മുടെ സ്കൂൾ



OUR GREEN CLUB



OUR JRC



ജാഗ്രതാ സമിതി ഉദ്ഘാടനം



സ്കൂൾ അസംബ്ലി



വിമുക്തി ക്ലബ്ബ്




ഇന്റർ സ്കൂൾ ഗൈം ബഹു: നരിക്കുനി ഗ്രാംപഞ്ചായത്ത് മെമ്പർ ശ്രീ ജൊഹർ പൂമംഗലത്ത് ഉദ്ഘാടനം ചെയ്യുന്നു

**2023-24 വർഷം സംസ്കൃതം സ്കോളർഷിപ്പ് നേടിയവർ**



തേജ രാജ് ഒ



അവന്തിക എം വി




വിദ്യാരംഗം കലാ സാഹിത്യ വേദി ഉദ്ഘാടനം



പിറന്നാൾ പുസ്തകം പദ്ധതി

# പരീക്ഷ



ജഹിബ മണപ്പാട്ട് HST
MALAYALAM

ഓർത്തെടുക്കൽ,
എഴുത്ത്,
കൈവേദന,
ഒരേയിരിപ്പ്,
മുഷിപ്പ്,
പരീക്ഷയെപ്പറ്റി വാചാലരായി കുഞ്ഞുങ്ങൾ.

ഇൻവിജിലേഷൻ,
ചോദ്യപേപ്പർ മാറാതെയുള്ള വിതരണം,
ക്രമമൊപ്പിക്കൽ,
ചൂട്,
പൊക,
വാല്യൂയേഷൻ,
പരീക്ഷയെ കുറിച്ചോർത്ത് മൗനിയായി
അധ്യാപകർ.

ഭാവി...,
സന്തോഷ് ബ്രഹ്മി,
കോംപ്ലാൻ കുപ്പികൾ,
വെളുപ്പിനേ.. അടിക്കുന്ന അലാറം,
വന്ന് കേറുമ്പോ.. കൊഴപ്പമില്ലെന്ന മടുപ്പിക്കുന്ന
പറച്ചിൽ,
പരീക്ഷാക്കാലത്തെ കുറിച്ചോർത്ത് ആധിയോടെ
മാതാപിതാക്കൾ.

എന്നാലും ന്റെ കായ് ലുണ്ടേ..,
അരച്ചെടുത്ത്,
പൾപ്പാക്കി,
ഉണക്കിയെടുത്ത്,
അട്ടിയട്ടിയായി തുളയിട്ട്,
ഗ്യാസ് ഏറ്റു വാങ്ങി,
നൂലിട്ട് കെട്ടിയമുക്കി,
പരീക്ഷയെ കുറിച്ചോർത്തോർത്ത്
നിസ്സഹായരായി മരങ്ങൾ.

# കാലചക്രം



തേജ രാജ് ഒ 10 C

കാലമേ നീ വരച്ചിട്ടൊരിതൾ
ധനുമാസ കുളിരിൽ
പൊഴിയാറായി...

വർഷമായ് നീ എന്നിൽ
ചൊരിഞ്ഞതെല്ലാം പ്രണയത്തിൻ
മുത്തുകളായിരുന്നു..

ചൈത്രം പൂക്കളെ
വരവേറ്റിരുന്നൂ..

ഗ്രീഷ്മമെന്നേ എരിയിച്ചിരുന്നു...
ചുഴലിക്രിയകൾ
ചിതയിലേക്കെറിഞ്ഞിരുന്നു..

പ്രണയത്തിൻ ചിത്തഭ്രമമാണിവിടെ..

എല്ലാമൊരോർമ്മയായിതാ
അടരുവാൻ സമയമായി..

പുതുതളിരിലക്കായ്
ഞാനിതാ വഴിമാറിടുന്നു..

ഇനിയുമിവിടെ വാകു കൾ തളിർത്തിടും
പൂത്തിടും...

ഓരോ ദളവും കാലചക്രമിങ്ങനെ
പൊഴിച്ചീടവേ...

തരുവായ് പടർന്നിടാം തണൽ
വിരിച്ചീടാം നിന്നോട് ചേർന്നിടാം

രാഹുൽ മഴയെ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയാണ്.മഴയുടെ ഇരമ്പം ദൂരെ നിന്ന് കേൾക്കുമ്പോഴേക്കും ഏതെങ്കിലും ഒരു പുസ്തകമെടുത്ത് അയാൾ വരാന്തത്തിണ്ണയിൽ ചെന്ന് ഇ



USMAN ABDHUL KHADHER 8 C

മഴയത്തു പുസ്തകം വായിച്ചിരിക്കുന്നത് അയാൾക്ക് ഇഷ്ടമുള്ള

ഒരു കാര്യമാണ്.

അങ്ങനെ ഒരു മഴക്കാലത്ത്,നല്ല മഴയുള്ള ഒരു പ്രഭാതം.

രാഹുൽ പുസ്തകം വായിച്ച് വരാന്തയിൽ ഇരിക്കുകയാണ്.

അമ്മ കട്ടൻ ചായ ഒഴിച്ച ഗ്ലാസ് രാഹുലിന്റെ അടുത്തു വെച്ചിട്ടുണ്ട്.

അത് എപ്പോഴോ തണുത്ത് പോയിരുന്നു.

അയാൾ ഇതൊന്നും വകവെക്കാതെ വായിക്കുകയാണ്.

പെട്ടെന്ന് അയാളുടെ ശ്രദ്ധ ഒരിടത്തേക്ക് പോയി. കുറച്ച് കുട്ടികൾ

മഴയിലൂടെ സ്കൂൾ ബാഗും പിടിച്ചു പോകുന്നു. രാഹുലിനെ അതിശയപ്പെടുത്തിയത്

അതിൽ രണ്ട് കുടയെ ഉണ്ടായിരുന്നുള്ളു എന്നതാണ്. ഒരു കുടയിൽ മൂന്നുപേർ വീതമാണ് പോകുന്നത്.

അവരുടെ ആ ഒരുമ രാഹുലിന്റെ മനസ്സിലേക്ക് പുതിയൊരു ആശയത്തെ കൊണ്ടുവന്നു.

താൻ കണ്ട ആ കാഴ്ചയെ ഒരു പേനയിലൂടെ അദ്ദേഹം കടലാസ് കഷ്ണത്തിലേക്കു പകർത്തി. തിരുത്തലുകൾക്ക് ശേഷം ലോകത്തിനു വിട്ടുകൊടുത്തു. ഏവരും ആ ലേഖനത്തെ ഏറ്റെടുത്തു.

ഇത് രാഹുലിനെ സന്തോഷപ്പെടുത്തി.

താൻ ഓരോ മഴയിലും അല്ലാതെയുമായി കണ്ട

കാഴ്ചകളെ പകർത്തിവിട്ടു കൊണ്ടേയിരുന്നു.




അയാൾ കണ്ട കാഴ്ചകൾ അയാളുടെ ജീവിതത്തെ മാറ്റിമറിച്ചു.

ഇന്നയാൾ ലോകമറിയപ്പെടുന്ന ഒരു എഴുത്തുകാരനാണ്.

കഥകൾ കേട്ട് മാത്രം ഇരുന്നിരുന്നുവെങ്കിൽ

രാഹുൽ മഴയെ ആസ്വദിക്കുന്ന ഒരു മനുഷ്യൻ മാത്രമേ ആകുമായിരുന്നുള്ളു.

തന്റെ ചുറ്റും അദ്ദേഹം കഥകൾ കണ്ടെത്തി.

ഇതാണ് രാഹുലിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

നമുക്കും കണ്ടെത്താം.

# നിറമുള്ള അമ്മ

മഴവില്ലിൻ ഏഴ് നിറം പോലെയാണമ്മ
വാക്കിലൊതുക്കാൻ പറ്റാത്തയമ്മ
മഴവില്ലിൻ ചന്തമ്മുള്ളോരെന്നമ്മ
അറിവിൻ്റെ കാണാ കടലായൊരമ്മ



ഈ ലോകമാണമ്മ
ഈ പ്രപഞ്ചമാണമ്മ
സ്നേഹരൂപമാണമ്മ
എന്നും സത്യമാണമ്മ

അറിവിൻ്റെ അറിവായൊരമ്മ
വേദന കാക്കും
വ്യഥകൾ തീർക്കും
സ്നേഹത്തിൻ നിധിയായൊരമ്മ
മനസിൻ്റെ നിറമുള്ളൊരമ്മ
കനിവിൻ്റെ നിറമ്മുള്ളൊരമ്മ
കരുണതൻ കരുതലായൊരമ്മ



SANA FATHIMA 8E

## കൃതജ്ഞജ്ഞത



VISHNU PRASAD M M
HST SANSKRIT
KUTTAMBOOR HSS
ലിറ്റിൽ കൈറ്റ് മാസ്റ്റർ

ലിറ്റിൽ കൈറ്റിന്റെ
ആഭിമുഖ്യത്തിൽ
സ്ക്രൈബസ് എന്ന
സോഫ്റ്റ്‌വെയറിൽ
തയ്യാറാക്കിയ ഞങ്ങളുടെ
നീലാംബരി എന്ന
മാഗസിന്റെ
പ്രവർത്തനങ്ങളിൽ
പങ്കാളികളായ ലിറ്റിൽ
കൈറ്റിന്റെ അഭിമാന
താരങ്ങളായ കുട്ടികൾക്കും
അതേപോലെ സ്കൂളിലെ
ഹെഡ്മാസ്റ്റർ ഉൾപ്പെടെ
എല്ലാ
സഹപ്രവർത്തകർക്കും
കൃതജ്ഞത
രേഖപ്പെടുത്തുന്നു